# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 193 11/03/2020-ൽ മറുപടിക്ക്

### എൻ.ടി.പി.സി.യുമായുള്ള വൈദ്യുതി ബോർഡിന്റെ ഇടപാടുകൾ

| | ചോദ്യം<br><br>**ശ്രീ.എം. സി. കമറുദ്ദീൻ**<br>**,, ടി. വി. ഇബ്രാഹിം**<br>**,, ടി.എ.അഹമ്മദ് കബീർ**<br>**,, എൻ .എ.നെല്ലിക്കുന്ന്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായുള്ള ഇടപാടുകൾ അവസാനിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) | ഇല്ല.<br>എന്നാൽ പ്രവർത്തനം നിർത്തി വച്ചിരിക്കുന്ന കായംകുളം തെർമൽ പവർ സ്റ്റേഷന്റെ ഫിക്സഡ് ചാർജ്ജുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നില നില്ക്കുന്നുണ്ട്. പ്രസ്തുത നിലയത്തിൽ എൻ.ടി.പി.സി-യ്ക്കുണ്ടാകുന്ന യഥാർത്ഥ ചെലവുകൾ (62.35 കോടി രൂപ) മാത്രം ഫിക്സഡ് ചാർജിനത്തിൽ നല്കാം എന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി 297.65 കോടി രൂപ വേണം എന്ന എൻ.ടി.പി.സി നിലപാടാണ് തർക്കങ്ങൾക്കു കാരണം. എൻ.ടി.പി.സിയുടെ രാമഗുണ്ടം, സിംഹാദ്രി, കുഡ്ഗി, താൽച്ചർ എന്നീ നിലയങ്ങളിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും പ്രസ്തുത നിലയങ്ങളുടെ കരാറുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ നിലവിലില്ല.<br>ഇതിന്റെ അടിസ്ഥാനത്തിൽ, മാർച്ച് മാസം 10-ാം തീയതി മുതൽ എൻ.ടി.പി.സിയുടെ ഒരു നിലയങ്ങളിൽ നിന്നും തന്നെ വൈദ്യുതി നല്കില്ല എന്നു കാണിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നോട്ടീസ് നല്കിയിട്ടുണ്ട്. നോട്ടീസ് നിയമപരമായി ശരിയല്ല എന്നും നിലനിൽക്കുന്നതല്ലെന്നും, കായംകുളം പ്ലാന്റിന്റെ ഫിക്സഡ് ചാർജ്ജുമായി ബന്ധപ്പെട്ട വിഷയം മറ്റു കരാറുകളിൽ |
| ബി) | എൻ.ടി.പി.സി.യെ ഒഴിവാക്കുന്നത് ഭാവിയിൽ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | നിന്നും നിയമപരമായി നൽകേണ്ട വൈദ്യുതിയുമായി ബന്ധപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്നു കാണിച്ച് കെ.എസ്.ഇ.ബി.എൽ എൻ.ടി.പി.സിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. കെ.എസ്.ഇ. ബിയുടെ ചെയർമാൻ തലത്തിലും ഊർജ്ജ സെക്രട്ടറി തലത്തിലും പ്രശ്നം രമ്യമായി പരിഹരിക്കാൻ എൻ.ടി.പി.സി പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ